## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **10-10-2024 - ൽ മറുപടിയ്ക്ക്**

## ഒളവണ്ണ സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തുമ്പയിൽ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ ഏത് വർഷമാണ് ലഭിച്ചിട്ടുള്ളത്; | (എ) | ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തുമ്പയിൽ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ ലഭിച്ചിരിക്കുന്നത് 2021 നാണ്. |
| (ബി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത് സ്കൂളുകളും സർക്കാർ ഏറ്റെടുത്ത് ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാതെപോയ ഒളവണ്ണ തുമ്പയിൽ സ്കൂൾ മാത്രം ഏറ്റെടുക്കുന്ന നടപടി അനന്തമായി നീണ്ടുപോകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | 02.01.2010 ലെ സർക്കാർ ഉത്തരവ് 02/2010 പ്രകാരം സർക്കാർ ഏറ്റെടുത്ത 104 പഞ്ചായത്ത് സ്കൂളുകൾക്ക് KER ൽ പറഞ്ഞിട്ടുള്ള സ്ഥല വിസ്തൃതിയുണ്ടോ എന്നും സ്കൂൾ ഏറ്റെടുത്താൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്നുള്ള വിവരം സർക്കാർ ആരാഞ്ഞിരുന്നു. ആയതിനുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യത ഉണ്ടാവില്ല എന്നിരിക്കെ ഈ സ്കൂൾ ഏറ്റെടുക്കുന്നത് വൈകിപ്പിക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | 02.01.2010 ലെ സർക്കാർ ഉത്തരവ് 02/2010 പ്രകാരം സർക്കാർ ഏറ്റെടുത്ത 104 പഞ്ചായത്ത് സ്കൂളുകൾക്ക് KER ൽ പറഞ്ഞിട്ടുള്ള സ്ഥലവിസ്തൃതിയുണ്ടോ എന്നും സ്കൂൾ ഏറ്റെടുത്താൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്നുള്ള വിവരം സർക്കാർ ആരാഞ്ഞിരുന്നു. ആയതിനുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | സർക്കാർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ നിരന്തരം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ? | (ഇ) | മനഃപൂർവ്വം ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല. |

സെക്ഷൻ ഓഫീസർ